# ആനക്കഥകൾ

ശാന്തി രാധാകൃഷ്ണൻ
വിവർത്തനം: സന്ധ്യ ശശിധരൻ
ചിത്രീകരണം
എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി



6732

# ആനക്കഥകൾ


ശാന്തി രാധാകൃഷ്ണൻ
വിവർത്തനം: സന്ധ്യ ശശിധരൻ

ചിത്രീകരണം
എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി





കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്



6732



# ആമുഖം

സഹ്യന്റെ മക്കളാണ് ആനകൾ. പശ്ചിമഘട്ടം അതിരിടുന്ന കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ ആനകൾ ഒരു യാഥാർഥ്യമാണ്. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം നിത്യേനെ വാർത്തകളിൽ ഇടംപിടിക്കുന്ന ഈ കാലത്ത് കാടുകൾ നഷ്ടപ്പെട്ട് സ്വൈര്യജീവിതം കൈമോശം വന്നുപോയ ആനകളുടെ ജീവിതം ഏറെ ദുസ്സഹമായി തീർന്നിരിക്കുന്നു. വരൾച്ചയുടെ കാലത്ത് വറ്റാത്ത പുഴയും പരവതാനിപ്പുല്ലും തേടി പോകുന്ന ആനക്കൂട്ടത്തിന്റേയും ആ സംഘത്തിലെ രാമു എന്ന കുസൃതിക്കുടുക്കയുടേയും കഥയാണ് ശാന്തി രാധാകൃഷ്ണൻ എഴുതിയ 'എലഫന്റ് ടെയിൽസ്' എന്ന കുട്ടികളുടെ നോവലിൽ ആഖ്യാനം ചെയ്യുന്നത്. ആനത്താരയിലൂടെ ആനക്കൂട്ടം നടത്തുന്ന യാത്ര കാടെന്ന ജൈവ വിസ്മയത്തെ വായനക്കാർക്ക് അനുഭവവേദ്യമാകുന്ന രീതിയിൽ കഥാകാരി അവതരിപ്പിച്ചിരിക്കുന്നു. ശാന്തി രാധാകൃഷ്ണൻ എഴുതിയ ഈ ഇംഗ്ലീഷ് നോവൽ സന്ധ്യ ശശിധരനാണ് കൊച്ചു കൂട്ടുകാർക്ക് വേണ്ടി 'ആനക്കഥകൾ' എന്ന പേരിൽ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിരിക്കുന്നത്. രാമുവും ആനക്കൂട്ടവും യാത്രയ്ക്കിടെ കണ്ടുമുട്ടുന്ന വിവിധ മൃഗങ്ങളും പക്ഷികളും രാമുവിൽ സൃഷ്ടിക്കുന്ന ജിജ്ഞാസ കൊച്ചുകൂട്ടുകാരെ ഏറെ രസിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. കൂടാതെ പുതുതലമുറയിൽ പരിസ്ഥിതി അവബോധവും പ്രകൃതി സ്നേഹവും വളർത്താൻ സഹായിക്കുന്ന മനോഹരമായ നോവൽ കൂടിയാണിത്.

**പള്ളിയറ ശ്രീധരൻ**

*ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്*







# അധ്യായം 1

“ഇങ്ങനെ കാല് വലിച്ചിഴച്ചു നടക്കാതെ. നല്ല ഉഷാറോടെ നടക്ക്,” ഗൗതമി അമ്മായി പറഞ്ഞു.

“അല്ലെങ്കിൽ തന്നെ നമ്മൾ വൈകി!”

സന്ധ്യ മയങ്ങാറായിരുന്നു. രാത്രി സുരക്ഷിതമായി വിശ്രമിക്കാവുന്ന ഒരിടത്തേക്ക് പോവുകയായിരുന്നു ആ ആനക്കൂട്ടം. കൂട്ടത്തിന്റെ തലവിയായ ഗൗതമി അമ്മായി തന്റെ ചുമതലകളൊക്കെ ഗൗരവത്തോടെ ചെയ്യുന്ന ആനയാണ്.

“കാല് ഇഴക്കുന്നത് നിറുത്തെടാ!”

അമ്മ കൊച്ചു രാമുവിനെ ശാസിച്ചു. വഴിയോരത്തെ തന്റെ പ്രിയപ്പെട്ട കുളത്തിലേക്ക് വെള്ളംകുടിക്കാൻ തന്നെ കൊണ്ടു പോകണമെന്ന് വാശിപിടിക്കുകയായിരുന്നു അവൻ.

“ഗൗതമി അമ്മായി ഒരടി വയ്ക്കുമ്പോൾ കൂടെയെത്താൻ ഞാൻ പത്തടി വയ്ക്കണം!”

രാമു പറഞ്ഞു.

“മാത്രവുമല്ല ദാഹിച്ച് എന്റെ തൊണ്ട ഉണങ്ങിവരണ്ടു. ഒരടിപോലും നടക്കാൻ എനിക്കിനി പറ്റില്ല.”

കുഞ്ഞുതുമ്പിക്കൈ ആട്ടിയും കണ്ണുരുട്ടിയും തന്റെ വിഷമം അവൻ അമ്മയെ അറിയിക്കാൻ ശ്രമിച്ചു. അവന്റെ ഈ അപേക്ഷ നിരസിക്കാൻ അമ്മയ്ക്ക് കഴിഞ്ഞില്ല. കുളത്തിലേക്ക് രാമുവിനെ കൊണ്ടുപോകാൻ അമ്മ ഒടുവിൽ തീരുമാനിച്ചു.

“അമ്മയ്ക്കൊരു കാര്യമറിയുമോ? ഞാൻ പൊക്കംവച്ചതുകൊണ്ട് ഗൗതമി അമ്മായിയും മറ്റുള്ളവരും എന്റെ ചുറ്റും കൂടിനില്ക്കുമ്പോൾ പണ്ടത്തെപോലെ എന്റെ നെറ്റിയിൽ തണുത്ത കാറ്റേല്ക്കുന്നേയില്ല. അവരുടെ ഇടയിൽ നിന്ന് എനിക്ക് ഉഷ്ണിച്ചിട്ടു വയ്യ. വെള്ളംകുടിച്ചിട്ട് പിന്നെ ഞാൻ വെള്ളത്തിൽ ഒന്ന് മുങ്ങി...”

“നീയിപ്പോഴും കുട്ടി തന്നെയാണ്.”

അമ്മ അവനെ കൂടുതൽ പറയാൻ സമ്മതിച്ചില്ല.

“രാത്രി ഇരുള് പരക്കുമ്പോൾ എന്തൊക്കെ അപകടങ്ങളാണ് ചുറ്റും പതിയിരിക്കുന്നതെന്ന് നിനക്കറിയില്ല. ഇന്നാണെങ്കിൽ അമാവാസിയുമാണ്. ആകാശമാവട്ടെ മേഘം മൂടിയിരിക്കുന്നു. നോക്ക് എന്തൊരു കൂരിട്ടാണെന്ന്. നീ ഒരപകടത്തിലും പെടാതെ കാക്കേണ്ടേ ഞങ്ങൾക്ക്. അതുകൊണ്ടാണ് എല്ലാവരും നിന്റെ ചുറ്റിനും കൂടിനിന്നു നിന്നെ അവരുടെ നടുക്ക് സുരക്ഷിതമായി നിറുത്തുന്നത്.”

എന്നാൽ ഈ വാദങ്ങളൊന്നും കേൾക്കാത്തമട്ടിൽ രാമു നിന്നു. അല്ലെങ്കിലും അവന്റെ ചെവി ചിലസന്ദർഭങ്ങളിൽ പ്രവർത്തിക്കുകയേയില്ലല്ലോ.

“അമാവാസി എന്നു പറഞ്ഞാൽ എന്താണമ്മേ? ചിലരാത്രികളിൽ നല്ലവെളിച്ചവും മറ്റുചിലപ്പോൾ കൂരിരുട്ടും. അതെന്താ അങ്ങനെ?”

“ഒന്നു മിണ്ടാതിരിക്ക് കുട്ടാ, ഞാൻ പിന്നെ പറഞ്ഞുതരാം. അല്ലെങ്കിൽ എല്ലാം അറിയുന്ന മൂങ്ങ മുത്തശ്ശനോട് നമുക്ക് ചോദിക്കാം. വാ, പെട്ടെന്ന് വെള്ളം കുടിച്ചിട്ട് വരാം. ഗൗതമി അമ്മായി അറിയും മുമ്പ് തന്നെ നമുക്ക് കൂട്ടത്തിലേക്ക് തിരിച്ചെത്തണം.”

ചുറ്റും നന്നായി നോക്കിയ ശേഷമാണ് അമ്മ ഇടതൂർന്ന കാട്ടിനുള്ളിൽ നിന്ന് പുറത്തേക്കിറങ്ങി കുളത്തിന്റെ അടുത്തേക്ക് രാമുവിനെ കൊണ്ട് പോയത്. ഉത്സാഹത്തിൽ

ചിന്നംവിളിച്ചുകൊണ്ട് രാമു കുളക്കരയിലേക്ക് ഓടി.

"ബഹളമുണ്ടാക്കല്ലെടാ!"

അമ്മ അവനെ ശകാരിച്ചു. ഒറ്റവലിക്ക് രാമു നിറയെ വെള്ളംകുടിച്ചു. അമ്മ തുമ്പിക്കൈ വെള്ളത്തിലേക്ക് നീട്ടുന്നത് കണ്ട് അവൻ വേഗം വെള്ളത്തിലേക്കിറങ്ങാൻ മുന്നോട്ടാഞ്ഞു. വെള്ളത്തിൽ നന്നായി മുങ്ങി ദേഹമൊന്ന് തണുപ്പിക്കാൻ എത്ര നേരമായി കാത്തിരിക്കുന്നു. ഇതു തന്നെ പറ്റിയ അവസരം. ധും! അവന്റെ മുതുകത്ത് അമ്മ തുമ്പിക്കൈകൊണ്ട് നല്ലൊരടി കൊടുത്തു. കുളത്തിൽ നിന്നും അവനെ



ഒരൊറ്റ ഉന്തിന് കരയ്ക്ക് കേറ്റി ചരിവിലൂടെ കാട്ടിലേക്ക് നടത്താൻ തുടങ്ങി.

"അമ്മേ എന്തൊരു ചൂടാണ്. എനിക്ക് ഉഷ്ണിച്ചിട്ട് വയ്യ. രാത്രി എല്ലാവരും എനിക്കും ചുറ്റും നിന്നിട്ട് എനിക്ക് പനിപിടിച്ചപോലെ തോന്നുന്നു. രണ്ടേരണ്ടു നിമിഷം. ഞാനിതാ ഒരൊറ്റ മുങ്ങൽ.."

അമ്മ അവനെ രൂക്ഷമായൊന്നു നോക്കി മുതുകത്തു രണ്ടാമതൊന്നു കൊടുത്തു. അവർ താമസിയാതെ ആനക്കൂട്ടത്തിന്റെ അരികിലെത്തി. കുളത്തിലെ തണുന്ന വെള്ളത്തിന്റെ ഓർമ്മ രാമുവിന്റെ മനസ്സിൽ തളംകെട്ടി നിന്നു. നല്ല ഇളം തളിരുകൾ ധാരാളമുള്ള ഒരു മുളങ്കൂട്ടത്തിന്റെ അരികെ ആനക്കൂട്ടം മുളനാമ്പുകൾ രസിച്ച് തിന്നുകയായിരുന്നു. ഇതു തന്നെ പറ്റിയ അവസരം... തന്നോട് തന്നെ പതുക്കെ പറഞ്ഞു കൊണ്ട് രാമു മെല്ലെ ശബ്ദമുണ്ടാക്കാതെ കുളത്തെ ലക്ഷ്യമാക്കി നടന്നു. കാടിനു അപ്പുറത്ത് ഓരോ ചുവടിലും എന്തൊക്കെ അപകടം പതിയിരിപ്പുണ്ടാവുമെന്ന യാതൊരു ചിന്തയും ഇല്ലാതെ അവൻ കാടിന്റെ ഓരം വിട്ട് പുല്പ്പരപ്പിലേക്ക് ഇറങ്ങി. കുളത്തിലേക്കുള്ള ചരിവിലൂടെ ഓടി ഒറ്റ കുതിപ്പിന് അവൻ വെള്ളത്തിലേക്ക് ചാടി. സമയം ഒട്ടുമില്ല. വെള്ളത്തിൽ ആദ്യമൊരു മലക്കംമറിയൽ. പിന്നെ ഇരുവശത്തേക്കും ഒരു മുങ്ങി നിവരൽ. ഒടുവിൽ നാലുകാലും മേലോട്ടുയർത്തി വെള്ളത്തിൽ ഒരു തലകുത്തിനില്പ്. ഹോ! തിരിച്ചു കയറാൻ സമയമായല്ലോ! കുളികഴിഞ്ഞാൽ അമ്മായിമാർ പതിവായി ചെയ്യുന്നതുപോലെ തീരത്തെ ഉണങ്ങിയ മണൽ തുമ്പി കൈയിലെടുത്ത് ശരീരമാകെപൂശാനൊന്നും അവനായിട്ടില്ല. എന്തായാലും മണലിൽ കിടന്നുരുണ്ട് ദേഹമാകെ മണൽപൂശാൻ അവൻ മറന്നില്ല. എന്നിട്ട് കാട്ടിലേക്ക് തിരിച്ചൊരോട്ടം.

രാമു അടുത്തില്ലല്ലോ എന്ന് അമ്മ അറിഞ്ഞപ്പോഴേക്കും അവൻ തിരിച്ചെത്തി. മുങ്ങിക്കുളിക്കാനുള്ള അതിയായ ആഗ്രഹം കാരണം ആരും കാണാതെ കുളത്തിലേക്ക് പോയതാണ് രാമുവെന്ന് അമ്മയ്ക്ക് പിടികിട്ടി. യാതൊരു കുഴപ്പവുമില്ലാതെ സന്തോഷവാനായി രാമു തിരിച്ചുവരുന്നതു കണ്ട് അമ്മയ്ക്ക് ആശ്വാസമായി. ഇത്തവണ അമ്മ അവനെ ശാസിക്കാൻ മറന്നുപോയി. ശരീരത്തിലാകെ മണലുപൂശിക്കൊ

ണ്ടുള്ള അവന്റെ വരവ് കണ്ടപ്പോൾ അമ്മയ്ക്ക് തൃപ്തിയായി. കുളിച്ച ശേഷമുള്ള തണുപ്പ് നിലനിറുത്താൻ ദേഹം മുഴുവൻ മണൽപൂശണമെന്ന പാഠമെങ്കിലും അവൻ ഓർത്തല്ലോ.

കുറച്ചു വർഷങ്ങൾക്കു മുമ്പുണ്ടായ ഒരു കാട്ടുതീയിൽ നിന്ന് ഓടിരക്ഷപ്പെടുന്ന മൃഗങ്ങളുടെ ഇടയിൽപെട്ട് ചതഞ്ഞരഞ്ഞ മൂത്ത മകനെയോർത്ത് അമ്മയുടെ കണ്ണുകൾ പെട്ടെന്ന് നിറഞ്ഞു. സാഹസികമായ ഒളിച്ചോട്ടം കഴിഞ്ഞ് രാമു പരമസന്തോഷവാനായി തിരിച്ചെത്തി, ഒന്നുമറിയാത്തവനെ പോലെ നിഷ്ക്കളങ്കനായി അമ്മയെ ഉരുമ്മി നിന്നു.







## അധ്യായം 2

രാത്രി വിശ്രമത്തിനായി ആനക്കൂട്ടം തയ്യാറായി. പക്ഷേ രാമുവിന് ഉറക്കമേ വരുന്നുണ്ടായിരുന്നില്ല.

“അമ്മേ, അമ്മേ! എത്ര കാലമായി എനിക്കൊരു കഥ പറഞ്ഞു തന്നിട്ട്!”

രാമു അമ്മയെ ചേർന്നു നിന്നു.

“രാമൂ മിണ്ടാതിരിക്ക്; ഇന്ന് വേണ്ട,”

അമ്മയ്ക്ക് നല്ല ഉറക്കം വരുന്നുണ്ടായിരുന്നു.

“നാളെ നമുക്ക് വളരെ ദൂരം നടക്കാനുണ്ട്. കണ്ണടച്ചുറങ്ങാൻ നോക്ക്.”

“അമ്മേ ആ മരത്തിൽ മിന്നുന്ന ആ കുഞ്ഞു വെളിച്ചം എന്താണ്? കാട്ടുതീയുടെ തുടക്കമാണോ?”

രാമു ചോദിച്ചു. തീ എന്നു കേട്ടപ്പോഴേ അമ്മ ചാടിയെഴുന്നേറ്റു.

“ഓ, അതൊരു മിന്നാമിന്നിയാണ്.”

അമ്മ ആശ്വാസത്തോടെ പറഞ്ഞു.

“അതെന്താ ഒറ്റയ്ക്ക്? അതിന്റെ കൂട്ടമെവിടെ? അതിനു കൂട്ടുകാരും ബന്ധുക്കളും ആരുമില്ലേ?”
രാമു ഉത്സാഹത്തോടെ ചോദിച്ചു. അവന് ഉറക്കമേ വരുന്നുണ്ടായിരുന്നില്ല. എന്തൊക്കെ രസകരമായ കാര്യങ്ങളാണ് ഈ കാട്ടിൽ!

“അതൊരു കുഞ്ഞു കനലും കൊണ്ടാണോ നടക്കുന്നത്? അതിന്റെ വെളിച്ചമെന്താ ഇടയ്ക്കു തെളിയുകയും പിന്നെ അണയുകയും ചെയ്യുന്നത്?”

“എന്റെ കുട്ടാ; മിണ്ടാതെ ഉറങ്ങാൻ നോക്കൂ. ഇനി ഒരക്ഷരം മിണ്ടരുത്!”
അമ്മ അവനെ നിശ്ശബ്ദനാക്കാൻ ശ്രമിച്ചു.

“ഒരിക്കലും വറ്റാത്ത നദിയുടെ അരികിൽ നാളെ നമ്മളെത്തും. അവിടെ നമുക്ക് തിന്നാൻ നല്ല ഇളം പുല്ലുണ്ടാവും. നമുക്കവിടെ കുറെ ദിവസം തങ്ങാം. അപ്പോൾ എല്ലാവരും നല്ല സന്തോഷത്തിലായിരിക്കും. അപ്പോൾ നീ എത്ര ചോദ്യങ്ങൾ വേണമെങ്കിലും ചോദിച്ചോ. പക്ഷേ ഇപ്പോൾ ഒറ്റ ശബ്ദം പോലും കേട്ടു പോകരുത്!”
അമ്മ കണ്ണുകൾ ഇറുക്കിയടച്ച് തന്റെ സ്വപ്നത്തിലേക്ക് മടങ്ങിപ്പോകാൻ ശ്രമിച്ചു. നിറയെ പച്ചപ്പുല്ലും കുട്ടിക്കാലത്തെ കൂട്ടുകാരുമായുള്ള ഒരു ഒത്തുചേരലും. പെട്ടെന്ന് അവൾക്ക് എന്തോ ഒരു പന്തികേട് തോന്നി. ഇരുട്ടിലേക്ക് അമ്മ തുറിച്ചു നോക്കി. രാമുവിനെ കാണാനില്ല. ആനക്കൂട്ടത്തിന്റെ നടുവിൽ സുരക്ഷിതനായി നിറുത്തിയിരുന്ന അവൻ എങ്ങനെ പുറത്തു കടന്നു? പെട്ടെന്നതാ അവൻ സന്തോഷത്തോടെ അമ്മയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു.

“നിന്നെ കൊണ്ട് ഞാൻ തോറ്റു!”
അമ്മയുടെ ശബ്ദം കടുത്തു.

“നോക്കമ്മേ,”
രാമു അവന്റെ കുഞ്ഞ് തുമ്പിക്കൈ വിടർത്തിയതും കുറെ മിന്നാമിന്നികൾ രാവിന്റെ ഇരുളിലേക്ക് പറന്നുയർന്നു.

“ഈ മിന്നാമിന്നി ഒറ്റക്കല്ലേ. ഞാനിവന് കൂട്ടിന് കുറച്ച് കൂട്ടുകാരെ കൊണ്ടു വരാൻ പോയതാ.”
ഈ ബഹളത്തിനിടയ്ക്ക് ആനക്കൂട്ടത്തിലെ പകുതി പേരും ഉണർന്നു. രാവിനെ പ്രകാശിപ്പിച്ചുകൊണ്ട് ചുറ്റും പറക്കുന്ന മിന്നാമിന്നികളെ കണ്ട് അവരും സന്തോഷിച്ചു.

“ആഹാ! ആഹാ! നോക്കൂ, എന്തു ഭംഗി!”

“അവരുടെ പിൻഭാഗത്തെങ്ങനെയാ ഈ വെളിച്ചം? അതെന്താ എപ്പോഴും മിന്നിക്കൊണ്ടിക്കുന്നത്.?”

“വെളിച്ചം കൊണ്ടാണവർ സംസാരിക്കുന്നത്.”
ഗൗതമി അമ്മായി പറഞ്ഞു.

“അവർക്ക് നമ്മളെ പോലെ ശബ്ദമുണ്ടാക്കാൻ കഴിയില്ല. അതു കൊണ്ട് എന്തെങ്കിലും പറയാൻ അവർ ആ വിളക്ക് കത്തിക്കുകയും കെടുത്തുകയും ചെയ്യും.”

“അപ്പോ, അമ്മായി...”
രാമു തന്റെ അടുത്ത സംശയത്തിലേക്ക് കടക്കും മുമ്പ് അമ്മായി ഉറച്ച ശബ്ദത്തിൽ പറഞ്ഞു.

“ഇനി ഉറങ്ങാൻ നോക്ക്. ഒരിക്കലും വറ്റാത്ത നദിയുടെ പരവതാനിപ്പുല്ല് വിരിച്ച കരയിൽ എത്തിയ ശേഷം നിന്റെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കിട്ടും.”

“പരവതാനി പുല്ല് എന്നാൽ എന്താ?”
രാമു ഉടനെ അടുത്ത ചോദ്യം തൊടുത്തു വിട്ടു..! എല്ലാ ആനകളും തുമ്പിക്കൈകൾ ഉയർത്തി ഒരുമിച്ച് പറഞ്ഞു.
“ശ്...ശ്...ശ്...”





6732



## അധ്യായം 3

രാമു കോട്ടുവായിട്ടു.

"അമ്മേ, എനിക്കുറക്കം മതിയായില്ല. ഇത്രയും നേരത്തെ എന്തിനാ എണീക്കണേ?"

ആനക്കൂട്ടം അതിരാവിലെ തന്നെ ഉണർന്ന് നീണ്ടയാത്രക്കുള്ള തയ്യാറെടുപ്പു തുടങ്ങി.

"എണീക്കെടാ ഉറക്കംതൂങ്ങീ!"

രാമുവിന്റെ അമ്മായിയുടെ മകൻ ദേവൻ അവനെ ഇക്കിളിയാക്കി എണീപ്പിക്കാൻ നോക്കി.

"എണീക്കെണീക്ക്"

അവസാനത്തെ നക്ഷത്രങ്ങൾ അപ്പോഴും ആകാശത്ത് തിളങ്ങുന്നുണ്ടായിരുന്നു. അവയ്ക്കിടയിൽ ഒരുനേർത്ത ചന്ദ്രനും.

"ഹ്...ഹാ..."

രാമു ഉച്ചത്തിൽ കോട്ടുവായിട്ടു.

"എല്ലാവരും ശ്രദ്ധിക്കുക."
ഗൗതമി അമ്മായി ഉറക്കെ പറഞ്ഞു.

"നല്ല വേഗത്തിൽ തന്നെ നമുക്ക് നടക്കണം. എല്ലാവരും ഒപ്പം നടക്കണം. ഇനി അവിടെയും ഇവിടെയും നോക്കി നില്ക്കാൻ സമയമില്ല. നല്ല ചുറു ചുറുക്കോടെ കാല് നീട്ടി വച്ച് ഇപ്പോൾ തന്നെ നടന്നു തുടങ്ങിക്കോ!"
രാമു തന്റെ കാലുകളിലേക്ക് നോക്കി. ഇന്നലെ രാത്രി മിന്നാമിന്നിപ്പിടിത്തത്തിനിടയിൽ ഇടതു കാലിലാകെ ചളിയായി. വലതു കാലിന് വലിയ കുഴപ്പമില്ല. വലതുകാല് മുന്നോട്ട് നീട്ടി വച്ച്, ഇടത്കാല് വലിച്ചിഴയ്ക്കാനുള്ള ശ്രമത്തിൽ രാമു മൂക്കും കുത്തി ഒറ്റ വീഴ്ച്ച! ആനക്കുട്ടികളെല്ലാം ഇതു കണ്ട് ചിരിയോട് ചിരി!

"രാമൂ, കാല് നീട്ടിവച്ച് നടന്നുതുടങ്ങാൻ ഗൗതമി അമ്മായി പറഞ്ഞതിന്റെ അർത്ഥം വേഗം നടക്കണമെന്നാണ്."

"എന്നാ അതങ്ങനെ പറയാമല്ലോ അമ്മായിക്ക്. എന്നെ കുഴക്കാൻ ഇങ്ങനെയൊക്കെ പറയുന്നതെന്തിനാ?"
രാമു മുഖം വീർപ്പിച്ച് ആരെയും നോക്കാതെ വേഗം നടക്കാൻ തുടങ്ങി. നടത്തത്തിനിടെ പിന്നെ അവൻ മിണ്ടിയതേയില്ല. ഇടതൂർന്ന മുളങ്കാടിനുള്ളിലെ ഒരു കുളത്തിനരികെ ഉച്ചയോടെ ആനക്കൂട്ടമെത്തി.

"നിറയെ വെള്ളം കുടിച്ചോളൂ. മുളനാമ്പുകൾ തിന്ന് വിശ്രമിച്ചോളൂ. ഒരു മണിക്കൂർ കഴിഞ്ഞ് നമുക്ക് യാത്ര തുടരാം..."
ഗൗതമി അമ്മായി പറഞ്ഞു. കുളത്തിലേക്ക് പാഞ്ഞു ചെല്ലുന്ന രാമുവിനെ അമ്മായി കൺകോണുകളിലൂടെ കണ്ടു.

"നില്ക്കെടാ,"
കുളത്തിലേക്ക് കുതിക്കുന്ന രാമുവിനെ അമ്മായി തുമ്പിക്കൈ കൊണ്ട് ചുറ്റിപ്പിടിച്ചു.

"ഇവിടെ കുളിക്കാൻ പറ്റില്ല. നീയിപ്പോ കുളത്തിലിറങ്ങിയാൽ വെള്ളമാകെ കലങ്ങും. എല്ലാവർക്കും കുടിക്കാനുള്ള വെള്ളമാണ്. മാത്രമല്ല കുളിച്ച് രസിക്കാനുള്ള സമയമൊന്നും നമുക്കില്ല. സന്ധ്യക്ക് മുമ്പ് പുഴക്കരയിലെത്തിയാൽ ഒഴുകുന്ന



തണുത്ത വെള്ളത്തിൽ നമുക്കാവോളം മുങ്ങിക്കുളിക്കാം. പരവതാനിപ്പുല്ല് തിന്നുകയും ചെയ്യാം.''

പരവതാനിപ്പുല്ല്! അതെന്താണാവോ? രാമുവിന്റെ ചിന്ത പറക്കാൻ തുടങ്ങി. ദാഹം തീർന്നപ്പോൾ അവൻ കുളത്തിനു ചുറ്റും നടന്നു നോക്കി.

''അമ്മേ...!''

ഉത്സാഹത്തോടെ അവൻ വിളിച്ചു.

''ഇങ്ങോട്ട് വേഗം വരൂ! അതാ കണ്ടോ പറക്കുന്ന ഇലകൾ. പലനിറത്തിൽ. കാറ്റേയില്ലല്ലോ! പിന്നെയെങ്ങനെയാണ് ഇലകൾ പറക്കുന്നത്?''

''രാമൂ, അത് ഇലകളല്ല. അവ ചിത്രശലഭങ്ങളാണ്. പൂക്കളിലെ തേനാണ് അവരുടെ പ്രധാന ആഹാരം. പക്ഷേ അവരുടെ ആരോഗ്യത്തിന് വേണ്ട ചില രാസവസ്തുക്കൾ കുളത്തിന്റെ വക്കിലോ പുഴത്തീരത്തോ ഉള്ള നനവുള്ളമണ്ണിൽ നിന്നാണ് കിട്ടുക. അതാണ് അവരിവിടെ പറന്നു നടക്കുന്നത്.''
അമ്മ രാമുവിന് വിശദമായി പറഞ്ഞു കൊടുത്തു.

''പിന്നെ വാഴപ്പഴത്തിൽ നിന്നും അവർക്കതു കിട്ടും.''
ദേവൻ തന്റെ അറിവ് പങ്കിട്ടു.

''ആഹാ! വാഴപ്പഴം!! എത്ര കാലമായി ഒരു പഴം തിന്നിട്ട്.''
രാമുവിന്റെ വായിൽ വെള്ളം നിറഞ്ഞു. കുളക്കരയിലെ ചളിമണ്ണിൽ കാൽ വഴുക്കിയും, ദാ കിടക്കുന്നു രാമു വെള്ളത്തിൽ!



# അധ്യായം 4

ആനക്കൂട്ടം വേഗം നടന്നു. രാമുവും ദേവനും അതിനിടയിൽ ഓടിത്തൊട്ടുകളിയും ഒളിച്ചുകളിയും ഒക്കെയായി അവർക്കൊപ്പം തന്നെ ഓടിയെത്തി. കൂട്ടത്തിന് മുന്നിൽ കുറെ ദൂരം ഓടിയിട്ട് വലിയ ആനകൾ എത്തുംവരെ ഒന്നുനിന്ന് രണ്ടുപേരും കിതപ്പ് മാറ്റും.

പിന്നെ ചുറ്റും എത്ര രസകരമായ കാര്യങ്ങളാണ് കാണാനുള്ളത്! യാത്രയ്ക്കിടയിൽ ഇടയ്ക്കിടയ്ക്ക് വഴിയോരത്ത് വീണുകിടക്കുന്ന ഉണങ്ങിയ മരത്തടികളിൽ പറ്റിപ്പിടിച്ച് വളരുന്ന നല്ല ഭംഗിയുള്ള പലതരം കൂണുകൾ. ദ്രവിക്കുന്ന മരത്തടി കുത്തിമറിച്ചിട്ടാലോ അതിനടിയിൽ അതാ പലതരം ജീവികൾ അങ്ങോട്ടും ഇങ്ങോട്ടും പാഞ്ഞുനടക്കുന്നു. രാമു അത്ഭുതത്തോടെ അവയെ നോക്കിനിന്നു. എന്തുരസമുള്ളജീവികൾ! ദേവന് പക്ഷേ അവയിൽ അത്ര താല്പര്യം തോന്നിയില്ല.



"മാറി നില്ക്ക് രാമൂ, മാറി നില്ക്ക്. അടുത്തു ചെന്നാൽ നിനക്ക് ചിലപ്പോൾ നല്ല കുത്ത് കിട്ടും."

ചെറുജീവികളെ മതിയോവോളം നോക്കിക്കഴിഞ്ഞ് രാമു വീണ്ടും ദേവനുമായി കളിതുടങ്ങി. കളിച്ച് കളിച്ചങ്ങനെ ഒരു വളവിന്റെ അടുത്തെത്തിയതും രണ്ടുപേരും പെട്ടെന്ന് ഞെട്ടിവിറച്ച് ആനക്കൂട്ടത്തിനടുത്തേക്ക് ജീവനും കൊണ്ട് തിരിഞ്ഞോടി.

"അമ്മേ, അമ്മേ..."

രാമു നിലവിളിച്ചുകൊണ്ട് അമ്മയുടെ അടുത്തെത്തി. അമ്മയുടെ മുൻകാലുകൾക്കിടയിൽ നുഴഞ്ഞു കയറി വിറയ്ക്കുന്ന ശബ്ദത്തോടെ പറഞ്ഞു.

"അതാ അവിടെ കറുത്ത രോമമുള്ള വലിയ ഒരു സാധനം. എനിക്ക് പേടിയാവുന്നു."

"അവിടുന്ന് ഭയാനകമായ ചില ശബ്ദങ്ങളും കേൾക്കുന്നുണ്ടമ്മായി."

ദേവൻ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

"നമുക്ക് പോയി നോക്കാമല്ലോ."

ഗൗതമി അമ്മായി പറഞ്ഞു. ആനക്കൂട്ടത്തിന് പൊതുവേ ഒന്നിനെയും പേടിക്കേണ്ടതില്ല. കൂട്ടം ധൈര്യമായി മുന്നോട്ട് നടന്നു.

"ഓഹോ!"

ഒരു ചെറുചിരിയോടെ അമ്മായി പറഞ്ഞു,

"അത് കരടിക്കുടുംബമാണ്. അച്ഛനും അമ്മയും കുട്ടികളും ആഹാരം കഴിക്കുന്ന തിരക്കിലാണ്."

"പിന്നെന്തിനാ അവർ ഇങ്ങനെ പേടിപ്പെടുത്തുന്ന ശബ്ദമുണ്ടാക്കുന്നത്?"

ദേവന് സംശയമായി.

"അതാ ആ ചിതൽപ്പുറ്റിൽ അവർ എന്താ ചെയ്യുന്നത്?"

രാമു അമ്മയെ ചേർന്നു നിന്ന് ചോദിച്ചു.

"നമുക്ക് ആഹാരം എടുത്ത് കഴിക്കാൻ നീണ്ട തുമ്പിക്കൈയില്ലേ? അതു പോലെ കരടി അതിന്റെ നീണ്ടമൂക്കും നാക്കും പിന്നെ നീണ്ടനഖങ്ങളും കൊണ്ടാണ്

ആഹാരം എടുക്കുന്നത്. ചിതൽപുറ്റ് നഖങ്ങൾകൊണ്ട് പൊളിച്ച് അതിനുള്ളിലേക്ക് മൂക്കിട്ട് നാക്കിലൂടെ ചിതലിനെ വലിച്ചെടുത്ത് തിന്നുന്ന ശബ്ദമാണിത്.'' അമ്മ വിസ്തരിച്ച് പറഞ്ഞുകൊടുത്തു.

''അയ്യേ, ചിതലിനെ തിന്നുമെന്നോ!''

ദേവൻ അറപ്പോടെ നെറ്റിചുളിച്ചു.

''തേനും ചിതലുമാണ് അവരുടെ ഇഷ്ടഭക്ഷണം.''

''അയ്യയ്യേ!''

രാമുവിനും ദേവനും ചിതല് തിന്നുതിനെ കുറിച്ച് ആലോചിക്കാനേ ആയില്ല.

''ഒരാളുടെ ഇഷ്ടഭക്ഷണം ചിലപ്പോൾ വേറൊറാൾക്ക് അറപ്പായിരിക്കും.'' ഗൗതമി അമ്മായി കണ്ണിറുക്കിക്കൊണ്ട് പറഞ്ഞു. ചിതൽപ്പുറ്റു കടന്ന് ആനക്കൂട്ടം മുന്നോട്ട് നടന്നപ്പോൾ രാമുവും ദേവനും കരടിക്കുടുംബത്തിൽ നിന്നും കഴിയുന്നതും ദൂരെ മാറി നടക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. അതിനു ശേഷം കൂട്ടത്തിന്റെ നടുക്ക് തന്നെയാണവർ നടന്നത്. കരടികളുടെ ശബ്ദം വളരെ നേരം അവരെ പിന്തുടർന്നു.





# അധ്യായം 5

കരടികളുടെ ശബ്ദം നേർത്തു നേർത്തു വന്നു. പേടിവിട്ടതോടെ രാമുവും ദേവനും എല്ലാം മറന്നു പിന്നെയും ഓടിക്കളിക്കാൻ തുടങ്ങി. പെട്ടെന്ന് ദേവൻ തന്റെ തലചരിച്ച് മുകളിലേക്ക് നോക്കി.

''ദേവാ, എന്താത്? എന്താ നീ നോക്കണേ?''
രാമുവിന് ആകാംക്ഷയായി.

''എനിക്കറിയില്ല. നല്ല തിളക്കമുണ്ട്... എന്തിനോ തീപിടിച്ച പോലെ.''
ദേവൻ പറഞ്ഞു.

''നോക്കട്ടെ, നോക്കട്ടെ... എനിക്കും കാണണം.''
രാമു ദേവന്റെ പുറത്ത് വലിഞ്ഞു കയറി.

''നിനക്കിതെന്തു പറ്റിയെടാ?''
അമ്മ ചോദിച്ചു.

“ദാ, ആ മരങ്ങളുടെ മുകളിൽ എന്തോ തീപിടിച്ച പോലെ തിളങ്ങുന്നു.” ദേവൻ പറഞ്ഞു.

“ഓ, അതോ! അതൊരു മലയണ്ണാനാണ്. മരത്തിൽ ജീവിക്കുന്ന വലിയ അണ്ണാൻ.” ഗൗതമി അമ്മായി അപ്പോഴേക്കും അവിടെയെത്തി.

“കടുവയോ പുലിയോ അടുത്തെവിടെയെങ്കിലും വന്നാൽ മതി അവർ ഉച്ചത്തിൽ ചിലച്ച് കാട്ടിലുള്ളവരെയൊക്കെ അറിയിക്കും.”

അമ്മായിയുടെ വാക്കു കേട്ടിട്ടെന്ന പോലെ ആ മലയണ്ണാൻ ഉച്ചത്തിൽ ചിലയ്ക്കാൻ തുടങ്ങി. മരത്തിനു മുകളിലെ കൂട്ടിൽ അതിന്റെ കുഞ്ഞുങ്ങളുണ്ട്. ഒരു വലിയ പരുന്ത് മരത്തലപ്പുകൾക്ക് മീതെ വട്ടമിട്ട് പറക്കുന്നുണ്ടായിരുന്നു.

“നോക്കമ്മേ, ശരിക്കും തീ പിടിച്ചതു പോലെയല്ലേ?”

അണ്ണാന്റെ ഭംഗിയുള്ള സ്വർണ്ണനിറത്തിലുള്ള ഇടതൂർന്ന വാലിനിടയിലൂടെ സൂര്യപ്രകാശത്തിന്റെ തിളക്കം കണ്ട് രാമു തുള്ളിച്ചാടി. ഒരു മരത്തിൽ നിന്ന് മറ്റൊരു മരത്തിലേക്ക് കുതിച്ച ചാടുന്ന മലയണ്ണാനെ കൗതുകത്തോടെ നോക്കി നിന്നു രാമുവും ദേവനും.

“അയ്യയ്യോ! ഈ അണ്ണാൻ ഇപ്പോ വീഴും!”

രാമു പേടിച്ചു കണ്ണുകൾ ഇറുക്കിയടച്ചു. ദേവൻ രാമുവിന്റെ അടുത്ത് ശ്വാസമടക്കി നിന്നു. ഒരു കൊമ്പിൽ പിൻകാലുകളിൽ തൂങ്ങിക്കിടന്ന് മലയണ്ണാൻ തളിരിലകളുള്ള മറ്റൊരു കൊമ്പിലേയ്ക്ക് ആയുകയായിരുന്നു.

“നിങ്ങൾ പേടിക്കേണ്ട.”

ഗൗതമി അമ്മായി ആനക്കുട്ടികളെ ആശ്വസിപ്പിച്ചു.

“അണ്ണാൻ വീഴില്ല. ഒരു മരക്കൊമ്പിൽ നിന്ന് മറ്റൊന്നിലേക്ക് ചാടുമ്പോൾ തന്റെ നീണ്ട ഭംഗിയുള്ള വാലുകൊണ്ട് ശരീരത്തിന്റെ ഗതി നിയന്ത്രിക്കാൻ അതിനു കഴിയും. മരക്കൊമ്പിൽ വാലുചുറ്റി തലുകുത്തി തൂങ്ങിക്കിടന്ന് തിന്നാനും അതിനു പറ്റും.”

അമ്മ കൂട്ടിച്ചേർത്തു.



"ദാഹിച്ചാൽ വെള്ളം കുടിക്കാൻ അണ്ണാൻ താഴെ വരില്ലേ?"
രാമു തന്റെ ന്യായമായ സംശയം പ്രകടിപ്പിച്ചു.

"ഏയ്! ഇല്ലില്ല! മരപ്പൊത്തുകളിൽ കെട്ടികിടക്കുന്ന വെള്ളമില്ലേ, അതുമതി ദാഹംമാറ്റാൻ. അണ്ണാൻമാർ മിക്കപ്പോഴും കാടിന്റെ മേല്ചാർത്തിലായിരിക്കും. അവിടെ ജീവിക്കുന്ന മറ്റു ജീവികളെപോലെ ഇവരും ഇലകളിൽ പറ്റിപിടിച്ചിരിക്കുന്ന മഞ്ഞുതുള്ളികൾ നക്കിക്കുടിക്കും."

"മേല്ച്ചാർത്തോ? അതെന്താ?"

"ഇടതൂർന്ന കാട്ടിലെ വൻമരങ്ങളുടെ തലപ്പുകൾ ചേർന്നുനില്ക്കുന്നത് കണ്ടിട്ടില്ലേ? അതാണ് കാടിന്റെ മേല്ചാർത്ത്."

"ഓ, അതാണോ! എന്നാൽ അതങ്ങനെ പറഞ്ഞാൽ പോരെ..."
രാമു പിറുപിറുത്തു. നീണ്ടനടത്തം കാരണം അവൻ ക്ഷീണിച്ചു തുടങ്ങിയിരുന്നു.





# അധ്യായം 6

‘‘അമ്മേ, നമ്മളെപ്പോഴാ വെള്ളം കുടിക്കാൻ നില്ക്കുക?’’ രാമു നേർത്ത ശബ്ദത്തിൽ ചോദിച്ചു. ഒരിക്കലും വറ്റാത്ത നദിയുടെ അരികിൽ രാത്രിക്ക് മുമ്പ് എത്താനായി ആനക്കൂട്ടം തിടുക്കത്തിൽ നടക്കുകയായിരുന്നു.

‘‘ദാ, എത്താറായി.’’

അമ്മ അവനെ ആശ്വസിപ്പിച്ചു.

‘‘വെള്ളം എവിടെയും കാണാനില്ലല്ലോ! എനിക്ക് ദാഹിച്ചിട്ട് വയ്യ... ഞാനിപ്പോ കുഴഞ്ഞ് വീഴും...’’

രാമു അമ്മയുടെ മുൻകാലുകളിൽ അമർന്ന് നിന്നു.

‘‘നമ്മൾ ഇപ്പോൾ വരണ്ട നദീതടത്തിൽ എത്തും.’’

ഗൗതമി അമ്മായി പറഞ്ഞു.

‘‘വരണ്ട നദീതടമോ? അപ്പോൾ വെള്ളമോ? വരണ്ടത് എന്നല്ലേ അമ്മായി പറഞ്ഞത്!?’’

രാമു കരയാറായി.

‘‘മോനേ, നീ പ്രതീക്ഷ വിടാതെ.’’

അമ്മ അവനെ തുമ്പിക്കൈകൊണ്ട് തലോടി.



''ഗൗതമി അമ്മായി വെള്ളം കണ്ടെത്തുക തന്നെ ചെയ്യും.''

''പക്ഷേ നദീതടം വരണ്ടതാണെന്നല്ലേ അമ്മായി പറഞ്ഞത്! മുന്നോട്ട് നടക്കാൻ വിസമ്മതിച്ച് കൊണ്ട് രാമു തേങ്ങി.''

''രാമൂ! ആനകൾക്ക് വെള്ളം എവിടെയുണ്ടെന്ന് തിരിച്ചറിയാൻ പ്രത്യേക കഴിവുണ്ട്. അത് വളരെ അകലെയാണെങ്കിലും നമുക്ക് തിരിച്ചറിയാനാവും.''

ശരീരവും മനസ്സും തളർന്ന രാമു എങ്ങനെയോ വലിഞ്ഞിഴഞ്ഞ് മുന്നോട്ട് നീങ്ങി. ഒരു പക്ഷേ തനിക്കൊരു കുളിയും നടത്താമെന്ന ചിന്ത അവന്റെ നടത്തത്തിന് വേഗത കൂട്ടി. ഒടുവിൽ നദീതടത്തിൽ ആനക്കൂട്ടമെത്തി. അത് തികച്ചും വരണ്ടതു തന്നെയായിരുന്നു. രാമു ഉച്ചത്തിൽ കരയാനൊരുങ്ങി. ഗൗതമി അമ്മായിയുടെ നേതൃത്വത്തിൽ ആനക്കൂട്ടം നദീതടത്തിലെ വരണ്ട ഉറച്ച മണ്ണ് കാലുകൊണ്ടും തുമ്പിക്കൈകൊണ്ടും ഇളക്കിമറിച്ചു. കുറച്ചു നേരത്തെ പരിശ്രമത്തിന് ഒടുവിൽ മണ്ണിനുള്ളിൽ നിന്ന് വെള്ളം കിനിഞ്ഞ് പൊങ്ങിവന്ന് പുറത്തേക്ക് ഒഴുകാൻ തുടങ്ങി.

''ആഹാ...!''

സന്തോഷം കൊണ്ട് കൂക്കിവിളിച്ച് രാമു ആ കലങ്ങിയ വെള്ളക്കുണ്ടിലേക്ക് ഒരൊറ്റച്ചാട്ടം! അവനാ വെള്ളത്തിൽ മതിയാവോളം കുത്തിമറിഞ്ഞു. അതിനിടയിൽ വെള്ളം കുടിക്കാൻ തന്നെ അവൻ മറന്നു പോയി! പിന്നെ മതിയാവോളം വെള്ളം കുടിച്ച് ഉഷാറായപ്പോൾ രാമു ചുറ്റപാടൊക്കെ ഒന്നു കറങ്ങിനടന്ന് പരിശോധിച്ചു.

''ദേവാ, ഇങ്ങോട്ട് വാ, വേഗം വാ...''

രാമു തിടുക്കത്തിൽ വിളിച്ചു.

''നോക്ക്, നല്ല ഭംഗിയുള്ള നിറമുള്ള കല്ലുകൾ!''

''അയ്യേ! അത് കല്ലുകളല്ല. ഒച്ചുകളാണവ. നോക്ക്, സൂക്ഷിച്ച് നോക്ക്! അവ മെല്ലെ നീങ്ങുന്നത് കണ്ടോ? ഒച്ചുകൾ സ്വന്തം വീടുകൾ മുതുകത്തേറ്റി നടക്കുന്നവരാണ്.''

ദേവന് തന്റെ അറിവ് പ്രകടിപ്പിക്കാൻ ഒരവസരം കിട്ടിയതിൽ ബഹുസന്തോഷമായി. അതൊരു നല്ല ഏർപ്പാടാണല്ലോ! രാമു ചിന്തിച്ചു. ഒച്ചുകൾക്ക് രാത്രി സുരക്ഷിതമായ ഒരു വിശ്രമസ്ഥാനം കണ്ടെത്താൻ നമ്മൾ ആനകളെപ്പോലെ ഇത്രയേറെ ദൂരം നടക്കേണ്ടതില്ലല്ലോ!



# അധ്യായം 7

“പരവതാനി പുല്ലുള്ളിടത്ത് എത്താൻ ഇനിയെത്ര ദൂരമുണ്ട്?”

രാമു ചോദിച്ചു. ആനക്കൂട്ടം നല്ല വേഗത്തിൽ നടക്കുകയായിരുന്നു. അവന്റെ കൊച്ചു കാലുകൾ നന്നായി വേദനിക്കുന്നുണ്ടായിരുന്നു.

“ഇതാ എത്തിപ്പോയി!.”

ഗൗതമി അമ്മായി പറഞ്ഞു.

“ദാ, ആ കുന്നു കയറി ഇറങ്ങിയാൽ അവിടെയെത്തി.”

“ആ കുന്നോ? അയ്യോ എനിക്ക് വയ്യേ!”

“രാമൂ, ആനകൾക്ക് എളുപ്പം കുന്നു കയറാനാകും. വേണമെങ്കിൽ ഓടിക്കയറാം. ഇറക്കമാണ് നമുക്ക് ബുദ്ധിമുട്ട്. നീ വിഷമിക്കേണ്ട.”

അമ്മായി പറഞ്ഞു.

“ഈ . റിന്റെ ചരിവിലൂടെ പെട്ടെന്ന് മുകളിലെത്താവുന്ന



ഒരു ആനത്താരയുണ്ട്. എന്തായാലും നമുക്കിപ്പോൾ കുറച്ചു വിശ്രമിക്കാം. അതാ നോക്കൂ! ആ നെല്ലിമരത്തിൽ നിറയെനെല്ലിക്ക. ഇനിയുള്ളനടത്തത്തിന് ശക്തി തരാൻ ഇതു മതി!''

അമ്മയും മറ്റ് അമ്മായിമാരും നിറയെ പഴുത്ത നെല്ലിക്കയുള്ള കൊമ്പുകൾ ആനക്കുട്ടികൾക്കായി താഴ്ത്തി കൊടുത്തു. ദേവൻ ചെയ്യുന്നത് ശ്രദ്ധയോടെ നോക്കിയിട്ട് രാമു അതുപോലെ തന്റെ തുമ്പിക്കൈയുടെ അറ്റം കൊണ്ട് ഓരോ നെല്ലിക്കയായി അടർത്തി തിന്നാൻ തുടങ്ങി. വയറു നിറഞ്ഞതോടെ ആനക്കുട്ടികൾ അവിടെയെല്ലാം ചുറ്റി നടന്നു.

''അമ്മേ...''

രാമു പെട്ടെന്ന് അമ്മയുടെ അടുത്തേക്ക് ഓടി. മരങ്ങളുടെതലപ്പിൽ നിന്നും എന്തോ ഒരു പേടിപ്പിക്കുന്ന ശബ്ദം.

''പേടിക്കാതെ. അതു ഒരു കൂട്ടം കരിങ്കുരങ്ങുകളാണ്. അവരും മേല്ചാർത്തിൽ ജീവിക്കുന്നവരാണ്.''

''അവർ വലിയ മരങ്ങളുടെ മുകളിലാണ് ജീവിക്കുന്നത് എന്നാണ് അമ്മ

പറഞ്ഞതിന്റെ അർത്ഥം.''
രാമു ദേവനോട് കുറച്ചൊരു അഭിമാനത്തോടെ തന്റെ അറിവ് പങ്കുവച്ചു.

''നോക്ക്! ദാ ആ അമ്മക്കുരങ്ങിന്റെ നെഞ്ചിൽ ഒരു കുഞ്ഞ് കുരങ്ങ് പറ്റിപിടിച്ചിരിക്കുന്നു.''

നോക്കി നില്ക്കുമ്പോൾ തന്നെ കുരങ്ങുകൾ പെട്ടെന്ന് അപ്രത്യക്ഷരായി. കാട്ടിൽ വല്ലാത്ത ഒരു നിശ്ശബ്ദത നിറഞ്ഞു. ഉടനെ ആനകളും തീറ്റ നിറുത്തി ശ്രദ്ധയോടെ അനങ്ങാതെ നിന്നു.



‘‘എന്തു പറ്റി അമ്മേ?’’
രാമുവിന് ആകാംക്ഷയായി.

‘‘ശ്... മിണ്ടാതിരിക്ക്.’’
ആ നിശ്ശബ്ദതയെ ഭേദിച്ച് പെട്ടെന്നൊരു കുര കേട്ടു. അതൊരു കേഴമാനായിരുന്നു. ഒരിക്കൽ കൂടി അത് കൂടുതൽ ഉച്ചത്തിൽ, വെപ്രാളത്തിൽ കുരച്ചു. അതിനു പിന്നാലെ കരിങ്കുരങ്ങുകൾ കൂവിത്തുടങ്ങി.

‘‘ഹൂ... ഹൂ.. ഹഹ്... ഹഹ്..ഹൂ..ഹൂ...’’
പെട്ടെന്ന് ആനകളെല്ലാം രാമുവിനും ദേവനും ചുറ്റും ഒരു വലയമുണ്ടാക്കി. വളരെയേറെ നേരം കഴിഞ്ഞെന്നു തോന്നി ആ നിലവിളികൾ കെട്ടടങ്ങിയപ്പോൾ. ആനക്കൂട്ടം പതുക്കെ ശാന്തരായി. എങ്കിലും അമ്മായിയും അമ്മയും ഇടയ്ക്കിടയ്ക്ക് അവരുടെ തുമ്പിക്കൈ പൊക്കി വായുവിൽ മണം പിടിച്ചുകൊണ്ടിരുന്നു. കടുവയോ പുലിയോ അടുത്തെവിടെയെങ്കിലും ഉണ്ടോ എന്നുറപ്പുവരുത്താൻ. രാമുവിന് ഇങ്ങനെ അനങ്ങാതെ നിന്ന് നിന്ന് മടുത്തു.

‘‘അമ്മേ, കടുവ എവിടെ?’’
അവൻ ഉച്ചത്തിൽ ചോദിച്ചു.
‘‘മിണ്ടല്ലെടാ! പിന്നെ പറഞ്ഞു തരാം.’’
അമ്മ പറഞ്ഞു. ഓ ഇതെന്തു കഷ്ടമാണ്! ആരും സംസാരിക്കുന്നു പോലുമില്ല. പിന്നെയും കുറെ നേരം കഴിഞ്ഞപ്പോൾ ഗൗതമി അമ്മായി പറഞ്ഞു.

‘‘എല്ലാവരും തയ്യാറല്ലേ യാത്ര തുടരാൻ? എല്ലാവരും വേഗം നടന്നു തുടങ്ങിക്കോളൂ. പരവതാനിപുല്ല് പുഴത്തീരത്ത് നമുക്കായി കാത്തിരിക്കുന്നു.’’
ഈ അമ്മായി പിന്നെയും പിന്നെയും പറയുന്ന ഈ പരവതാനിപ്പുല്ല് എന്താണാവോ? പിന്നെ ഒരു പുഴയെ പറ്റിയും പറയുന്നുണ്ട്. പരവതാനി പോട്ടെ! എന്തായാലും പുഴയുണ്ടെങ്കിൽ നല്ലൊരു കുളി ഉറപ്പാണല്ലോ! രാമു സന്തോഷത്തോടെ കുളിയെ കുറിച്ചു സ്വപ്നം കണ്ട് വീണ്ടും നടന്നു തുടങ്ങി.





## അധ്യായം 8

"അതെന്താണാവോ?"

രാമുവിന്റെ മുതുകത്തു കുറച്ചു വെള്ളത്തുള്ളികൾ വീണു, തലയ്ക്കു മീതെ എന്തോ പറന്നു പോയി.

"അത് നമ്മുടെ മീൻപിടിയൻ മൂങ്ങയാണ്."

മൂങ്ങയുടെ പേര് കൃത്യമായി പറഞ്ഞതിന്റെ സന്തോഷത്തിലായിരുന്നു ദേവൻ.

"ആ ശബ്ദം കേട്ടില്ലേ? മൂങ്ങയുടെ വിളിയാണത്."

ദേവൻ തന്റെ അറിവ് പ്രകടിപ്പിച്ചു.

"എന്തൊരു ഇരുട്ടാണ്! ഈ മൂങ്ങയെങ്ങനെയാണ് ഈ ഇരുട്ടത്ത് പറക്കുന്നത്? അതിനു വഴി തെറ്റില്ലേ?"

പതിവ് പോലെ രാമുവിന്റെ സംശയങ്ങളുടെ ചുരുളഴിഞ്ഞു.

"മൂങ്ങകൾ രാത്രിഞ്ചരരാണ്."

അമ്മ പറഞ്ഞു. രാമുവിന്റെ മുഖത്തെ ഒന്നു പിടികിട്ടിയില്ല

എന്നഭാവംകണ്ടപ്പോൾ അമ്മ വേഗംപറഞ്ഞു,

"ചില പക്ഷികൾ പകൽ ഉറങ്ങുകയും രാത്രി പറന്നു ആഹാരം തേടുകയും ചെയ്യും."

"ആ! അങ്ങനെ പറയൂ! ഗൗതമി അമ്മായിക്ക് ഈ ഇരുട്ടത്ത് പരവതാനി പുല്ലുള്ള സ്ഥലത്തേക്ക് വഴി കണ്ടു പിടിക്കാൻ പറ്റുമോ?"

"നല്ല വെളിച്ചമുള്ളതിനേക്കാൾ മങ്ങിയ വെളിച്ചത്തിലാണ് ആനകൾക്ക് കൂടുതൽ നന്നായി കാണാനാവുക."

ഗൗതമി അമ്മായി ഒരു ചെറുചിരിയോടെ പറഞ്ഞു.

"ഇതാ നമ്മൾ എത്താറായി. പിന്നെ മറ്റൊരു നല്ല വാർത്തയുമുണ്ട്!"

"എന്താണ്? എന്താണ്?"

ദേവന് അറിയാൻ ആകാംക്ഷയായി.

"ഒരു പക്ഷേ പുഴയിൽ നിറയെ വെള്ളമുണ്ടെന്നായിരിക്കും. ഇന്നു രാത്രി തന്നെ നമുക്കൊരു ഉഗ്രൻ കുളിയാവാം!"

രാമുവിന് തന്റെ ആഗ്രഹം അടക്കാനായില്ല.

"ഇല്ലില്ല രാമൂ! കുളിയൊക്കെ നാളെയാവാം. നല്ല വാർത്ത എന്താണെന്നോ? ശിവനാഥ് മുത്തശ്ശനെ നീയിന്ന് ആദ്യമായി കാണാൻ പോവുകയാണ്."

"ആഹാ!"

ദേവൻ സന്തോഷം കൊണ്ടു തുള്ളിച്ചാടി. മുത്തശ്ശനെ ദേവൻ ഇതിനുമുമ്പ് കണ്ടിട്ടുണ്ട്. രാമുവിന് പക്ഷേ അത്ര വിശ്വാസമായില്ല. ഈ മുത്തശ്ശൻ ഒരു മൊശടനാണെങ്കിലോ? പൊതുവേ കൊമ്പൻമാർ മുൻശുണ്ഠിക്കാരാണല്ലോ.

"നല്ല രസികനാണ് മുത്തശ്ശൻ. അദ്ദേഹം നമുക്ക് നിറയെ കഥകൾ പറഞ്ഞു തരും. ഈ ഭൂമിയിലുള്ള എല്ലാത്തിനെ കുറിച്ചും ഒരു പാട് കാര്യങ്ങൾ അറിയാം മുത്തശ്ശന്." ദേവൻ രാമുവിനെ ആശ്വസിപ്പിച്ചു.

"എല്ലാവരും ശ്രദ്ധിക്കൂ..."

ഗൗതമി അമ്മായി ശബ്ദം ഉയർത്തി.

"നമ്മൾ പുഴത്തീരത്തെത്തുമ്പോൾ അവിടെ മറ്റ് ആനക്കൂട്ടങ്ങൾ ഉണ്ടാവും.

പെരുമാറ്റച്ചട്ടം പാലിക്കാനും മുതിർന്നവരെ മാനിക്കാനും മറക്കരുത്.''

''അതാ അമ്മായി വീണ്ടും മനസ്സിലാവാത്ത ഭാഷ പറയാൻ തുടങ്ങി...'' രാമു പിറുപിറുത്തു.

''എല്ലാവരും മര്യാദയോടെ പെരുമാറണം എന്നാണ് അമ്മായി പറഞ്ഞതിന്റെ അർത്ഥം.''

അമ്മ രാമുവിനെ പറഞ്ഞു മനസ്സിലാക്കി. പെട്ടെന്ന് തൊട്ടടുത്ത് നിന്ന് ഉച്ചത്തിൽ ഒരു വിളി...

''ഹൂ ഹൂ ഹഹ് ഹൂ...''

''കരിങ്കുരങ്ങന്റെ വിളിയാണോ? അടുത്തെങ്ങാനും കടുവയുണ്ടോ?'' ദേവൻ ചുറ്റും നോക്കി.

''അല്ലല്ല! ഇത് വലിയ ചെവിയൻ മൂങ്ങയുടെ വിളിയാണ്. തന്റെ പ്രദേശമാണ് ഇതെന്ന് മറ്റുള്ള മൂങ്ങകളെ അറിയിക്കുകയാണ്.'' ഗൗതമി അമ്മായി വിശദീകരിച്ചു.

''എല്ലാവരും പറയും ഒരു പക്ഷിയെ പോലെ സർവ്വസ്വാതന്ത്ര്യത്തോടെ എല്ലായിടത്തും പറന്നു നടക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന്. എന്നാൽ മിക്ക പക്ഷികൾക്കും അവർ താമസിക്കുന്ന ഇടത്തിന് കൃത്യമായി പരിധിയുണ്ട്. അതിനപ്പുറത്തേക്ക് അവർക്ക് സ്വതന്ത്രമായി പറന്നുപോകാനോ ഇരതേടാനോ പറ്റില്ല.''

''ഓ, നമുക്ക് അങ്ങനെയൊന്നും ഇല്ലാത്തതു നന്നായി! നമ്മൾ താമസിക്കുന്നിടത്തെ വെള്ളവും ആഹാരവും തീർന്നാൽ എന്തു ചെയ്യും?'' രാമു ആശ്വാസത്തോടെ ചിന്തിച്ചു.

''നമ്മൾ എത്തി.'' ഗൗതമി അമ്മായി പറഞ്ഞു.

''ഒടുവിൽ എത്തി.'' അമ്മയ്ക്കു സമാധാനമായി.

''അമ്മേ മിന്നാമിന്നികളെ കണ്ടോ?!'' രാമുവിന് സന്തോഷം അടക്കാനായില്ല.

''നോക്കൂ അമ്മേ നിറയെ മിന്നാമിന്നികൾ!''

"അല്ലല്ല!"
ദേവൻ പറഞ്ഞു.

"ആ വെളിച്ചമൊന്നും പറക്കുന്നില്ലല്ലോ. അവ മിന്നാമിന്നികൾ അല്ല."

"അവ മിന്നുന്ന പുഴുക്കളാണ്. അവരും രാത്രിഞ്ചരരാണ്. അതാണ് പകൽ അവരെ നമ്മൾ കാണാത്തത്."

അമ്മ പറഞ്ഞു. അവയെ കാണാനുള്ള ഉത്സാഹത്തിൽ രാമു ആനക്കൂട്ടത്തിന് മുമ്പേ ഓടി... പെട്ടെന്ന് ബ്ലും! പുഴക്കരയിലെ നനഞ്ഞ ചളിമണ്ണിൽ വഴുക്കി തണുത്ത വെള്ളത്തിൽ ദാ കിടക്കുന്നു രാമു!





# അധ്യായം 9

അവൻ കിടന്നുറങ്ങിയ പരവതാനി പുല്ല് നല്ല കട്ടിയുള്ളതും പതുപതുത്തതും ആയിരുന്നു. ഇളം കാറ്റ് അവന്റെ നെറ്റിയിലെ നനുത്ത രോമങ്ങളെ തഴുകി. ഉദയസൂര്യന്റെ ചെറുചൂട് അവന്റെ കവിളുകളെ സ്പർശിച്ചു. ഇത്രയും സുഖമായി രാമു ഇതിനു മുമ്പോരിക്കലും ഉറങ്ങിയിട്ടില്ല. ഇടയ്ക്കിടയ്ക്ക് ഉണർന്നിട്ട് വീണ്ടും അവൻ ഉറക്കത്തിലേക്ക് തന്നെ വഴുതി വീണു. പരിചയമില്ലാത്ത ഒരു തുമ്പിക്കൈ അവനെ പതിയെ തലോടി.

‘‘ഞാൻ ഒരുപാട് കേട്ടിട്ടുള്ള വികൃതിക്കുട്ടൻ ഇതാണോ?’’ കൗതുകം തോന്നുന്ന ഒരു പ്രത്യേക സ്വരത്തിൽ ഉച്ചത്തിൽ ആരോ ചോദിച്ചു. രാമു മെല്ലെ ഒരു കണ്ണ് തുറന്നു നോക്കിയപ്പോൾ ഒരു നീണ്ട കൊമ്പാണ് കണ്ടത്. അവൻ പെട്ടെന്ന് ചാടിയെണീറ്റു.

‘‘മുത്തശ്ശനാണോ?’’



“അതെയതേ, മുത്തശ്ശൻ തന്നെ!”

“എന്നാ എനിക്കൊരു കഥ പറഞ്ഞു തരുമോ?”

“തീർച്ചയായും.”

“എന്റെ കൂടെ പുഴയിൽ കുളിക്കാനും വരുമോ?”

“പിന്നെന്താ? വരാല്ലോ!”

രാമു മുത്തശ്ശന്റെ മേൽ ചാരി നിന്ന് പതുക്കെ അവന്റെ ദേഹം മുത്തശ്ശന്റെ ദേഹത്തോട് ഉരച്ചു. ആനകൾ സ്നേഹം കാണിക്കുന്നത് ഇങ്ങനെയാണ്. ഇനിയെന്താ കാത്തു നില്ക്കണേ എന്ന മട്ടിൽ മുത്തശ്ശനെ ഇടങ്കണ്ണിട്ട് ഒന്നു നോക്കിയിട്ട് രാമു പുഴയിലേക്ക് ഒരോട്ടം! തണുത്ത വെള്ളത്തിലേക്ക് അവൻ ചാടി. അമ്പമ്പ! നല്ല തണുപ്പ്! എന്തൊരു സുഖം! എവിടെ നിന്നോ രാമുവിന്റെ ദേഹത്ത് വെള്ളത്തുള്ളികൾ വീണു. മഴ പെയ്യാൻ തുടങ്ങിയോ? രാമു മുകളിലേക്ക് നോക്കി. കുറച്ചകലെ ഒരു പെൺ ആനക്കുട്ടി തുമ്പക്കൈയിൽ വെള്ളം നിറച്ചിട്ട് അവളുടെ തലയുടെ മുകളിലേയ്ക്ക് വില്ല് പോലെ വെള്ളം ചീറ്റുന്നു. രാമു അത്ഭുതത്തോടെ നോക്കി നിന്നു.

“നീയെന്താ ചെയ്യുന്നത്?”

“ഞാൻ മഴവില്ലുണ്ടാക്കുകയാണ്.”

അവൾ പറഞ്ഞു.

“നീ നോക്കിപഠിച്ചോ. എന്നിട്ട് നമുക്ക് രണ്ടുപേർക്കും കൂടിയൊരു ഇരട്ട മഴവില്ലുണ്ടാക്കാം.”

“ആഹാ, നിങ്ങൾ രണ്ടുപേരും കൂട്ടായെന്നു തോന്നുന്നവല്ലോ!”

മുത്തശ്ശന് സന്തോഷമായി.

“മുത്തശ്ശാ, നമ്മൾ വെള്ളം മുകളിലേയ്ക്ക് ചീറ്റുമ്പോൾ അതെങ്ങനെയാ മഴവില്ലായി മാറുന്നത്?”

“രാമൂ, സൂര്യന്റെ പ്രകാശം ആ വെള്ളത്തിൽ നേരിട്ട് പതിക്കുമ്പോഴാണ് നമുക്ക് മഴവില്ലിന്റെ നിറങ്ങൾ കാണാനാവുന്നത്.”

മുത്തശ്ശൻ പറഞ്ഞു.

“ജാഹ്നവി, നീ ഇങ്ങോട്ട് വന്ന് ആനക്കൂട്ടത്തിലെ ബാക്കിയെല്ലാവരേയും പരിചയപ്പെടൂ...”

മുത്തശ്ശൻ അവളെ വിളിച്ചു.

"നിന്റെ പേരെന്താ?"

രാമു അപ്പോഴാണ് അവളുടെ പേര് ചോദിച്ചില്ലല്ലോ എന്നോർത്തത്.

"ജാവി, ജാവി."

തലകുലുക്കി കൊണ്ട് ആ കുട്ടിസുന്ദരി പറഞ്ഞു.

"പക്ഷേ മുത്തശ്ശൻ നിന്നെ വേറെയെന്തോ ആണല്ലോ വിളിച്ചത്?"

"അത് എന്റെ മുഴുവൻ പേരാണ്. അമ്മ എന്നെ ജാൻ എന്നാണ് വിളിക്കുന്ന"

"ഓയ്...എനിക്ക് ഇക്കിളിയാവുന്നു! നോക്ക് രാമൂ, എത്ര വാൽമാക്രിം എല്ലാം കൂടി എന്റെ കാലിൽ കടിക്കുന്നു."

ജാഹ്നവി ചിരിച്ചുകൊണ്ട് വെള്ളത്തിൽ തുള്ളിക്കളിച്ചു.

"എവിടെ? എവിടെ?"

രാമു നന്നായി കാണാനായി വെള്ളത്തിനുള്ളിലേക്ക് ഊളിയിട്ടു.

"ഞാനാകെ കണ്ടത് ഓറഞ്ച് നിറത്തിലെ ഒരു കൂട്ടം മത്സ്യങ്ങളെയാണ്."

വെള്ളത്തിൽ നിന്ന് പൊങ്ങി വന്ന് രാമു പറഞ്ഞു.

"അവ മത്സ്യങ്ങളല്ല. വാൽമാക്രികളാണ്. കൊത്തിലുണ്ണികളുടെ മറ്റൊരു പേരാണ് വാൽമാക്രി."

ഉം... രാമു വിചാരിച്ചു. അവൾക്ക് പല പേരുകളുണ്ടെന്ന് മാത്രമല്ല, ഇപ്പോൾ ഈ ജീവികളെയും അവൾ പല പേരിൽ വിളിക്കുകയാണ്. രാമുവിന്റെ മുഖത്തെ അമ്പരപ്പ് കണ്ടിട്ട് മുത്തശ്ശൻ പറഞ്ഞു.

"തവളക്കുഞ്ഞുങ്ങളാണ് ഇവ."

"പക്ഷേ ഇവയെ കണ്ടിട്ട് തവളയെ പോലെയേയില്ലല്ലോ!"

"തവളകളെ പോലെയുള്ള ചില ജീവികൾ ആദ്യം മുട്ടയിടും. ഈ മുട്ടകൾ വിരിയുമ്പോൾ നീയിപ്പോൾ കണ്ട വാൽമാക്രികളുണ്ടാവും. പിന്നെ അവയുടെ വാൽ അപ്രത്യക്ഷമാവും, കാലുകൾ വളരുകയും ചെയ്യും. അവരങ്ങനെ വളർന്ന് തവളയുടെ രൂപത്തിലാവുമ്പോൾ വെള്ളത്തിൽ നിന്നു പുറത്ത് വരും."

"ഇതിന് രൂപാന്തരീകരണം എന്നാണ് പറയുക."

ജാഹ്നവി കൂട്ടിചേർത്തു. അതാ അവൾ പിന്നെയും വിചിത്രമായ വാക്കുകൾ ഉപയോഗിക്കുന്നു! രാമു കുറച്ച് അസ്വസ്ഥനായി. പരവതാനിപ്പുല്ല് ചവയ്ക്കുന്നതിനിടയ്ക്ക് അമ്മ പറഞ്ഞു.

“അതിന്റെ അർത്ഥം വളർച്ചയുടെ ഓരോ ഘട്ടത്തിലും ആ ജീവികൾക്ക് വ്യത്യസ്തമായ രൂപം ആയിരിക്കുമെന്നാണ്. ഇനി കുളി മതിയാക്കി രാമുവും ജാഹ്നവിയും ഇവിടെ വരൂ. നല്ല സ്വാദുള്ള ഈ പരവതാനിപ്പുല്ല് എങ്ങനെയാണ് തിന്നേണ്ടതെന്ന് ഞാൻ കാണിച്ചു തരാം.”

ഒരു ചെറിയ പിടി പുല്ല് തുമ്പിക്കൈ കൊണ്ട് പിഴുതെടുത്തു അമ്മ. എന്നിട്ട് വേരിലെ മണ്ണ് പോകുന്നതുവരെ അത് അങ്ങോട്ടും ഇങ്ങോട്ടും അടിക്കുകയും കുടയുകയും ചെയ്തു. നല്ല വൃത്തിയായ പുല്ല് എന്നിട്ട് വായിലേക്കിട്ടു. കുറച്ചു നേരം അമ്മ ചെയ്തതു പോലെ ശ്രമിച്ചപ്പോൾ രാമുവിന് പുല്ല് വൃത്തിയാക്കേണ്ട വിധം പിടികിട്ടി. ജാഹ്നവി എത്ര ശ്രമിച്ചിട്ടും പുല്ലിലെ മണ്ണ് നീക്കാൻ പറ്റിയില്ല. ഓരോ തവണയും അവൾ പുല്ല് വായിലിടുമ്പോൾ മണ്ണു കടിച്ചുകൊണ്ടിരുന്നു. ഒടുവിൽ അവൾ തീറ്റ തന്നെ മതിയാക്കുമെന്നായി. രാമു ഒരുപിടി പുല്ല് പറിച്ചെടുത്ത് നന്നായി വൃത്തിയാക്കി ജാഹ്നവിക്ക് നേരെ നീട്ടി.

“ഇതാ തിന്നു നോക്ക്. നല്ല സ്വാദുണ്ട്. ഇത് നിനക്ക് നല്ല ശക്തി തരും. പിന്നെ നീ വേഗം തന്നെ ഇതു വൃത്തിയാക്കാൻ പഠിക്കുകയും ചെയ്യും.”

രാമുവിന്റെ ഈ സ്നേഹസമ്മാനം കിട്ടിയതോടെ ജാഹ്നവിക്ക് സന്തോഷമായി. അതോടെ അവർ രണ്ടു പേരും ഇണപിരിയാത്ത കൂട്ടുകാരുമായി.







## അധ്യായം 10

ആകാശം നിറയെ നക്ഷത്രങ്ങളായിരുന്നു. ഒഴുകുന്ന പുഴയുടെ അരികിൽ വയറു നിറയെ സ്വാദിഷ്ടമായ പുല്ലും തിന്ന് വിശ്രമിക്കുമ്പോൾ പരവതാനി പുല്ലിനെ പറ്റി ഗൗതമി അമ്മായിയും അമ്മയും മറ്റും വാതോരാതെ സംസാരിച്ചത് എന്തുകൊണ്ടാണെന്ന് രാമുവിന് പിടികിട്ടി.

ജാഹ്നവിയും മുത്തശ്ശനും ആനക്കൂട്ടത്തിന് കൂടെ ചേർന്നു. ദേവൻ മറ്റൊരു ആനക്കൂട്ടത്തിനൊപ്പം പോയി. പുഴത്തീരത്ത് ചെറുതും വലുതുമായ കുറെ ആനക്കൂട്ടങ്ങൾ ഉണ്ടായിരുന്നു.

"ഈ ലോകത്ത് ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതിവിടെയാണ്." മുത്തശ്ശൻ പറഞ്ഞു. രാമു മുത്തശ്ശന്റെ അടുത്തേക്കു നീങ്ങിയിരുന്നു. മറുവശത്ത് ജാഹ്നവിയും മുത്തശ്ശനെ പറ്റിച്ചേർന്നിരുന്നു.

"ഇനി ഞാൻ മറക്കുന്നതിന് മുമ്പ് ഒരു പ്രധാനപ്പെട്ട കാര്യം പറയട്ടെ."

മുത്തശ്ശൻ പറയാൻ തുടങ്ങി.

"ജാഹ്നവിയുടെ അമ്മയ്ക്ക് അവൾ ആനക്ക്യാമ്പിൽ വളരണമെന്നില്ല. ആനക്കൂട്ടത്തിൽ ചേർന്ന് കാടിന്റെ രീതികളെല്ലാം അവൾ പഠിക്കണമെന്നാണ് അവരുടെ ആഗ്രഹം."

"തീർച്ചയായും, ജാഹ്നവി ഞങ്ങളുടെ കൂട്ടത്തിൽ വന്നോട്ടെ."

ഗൗതമി അമ്മായി പറഞ്ഞു.

"ദേവൻ പോയതു കാരണം രാമുവിന് ഒരു കൂട്ട് ആവശ്യവുമാണ്. വർഷങ്ങൾക്ക് മുമ്പ് നമുക്ക് ബാലു നഷ്ടപ്പെട്ടപ്പോഴുണ്ടായ സങ്കടം നമുക്ക് നികത്താനും കഴിയും." അമ്മയും മറ്റ് അമ്മായിമാരും വിഷമത്തോടെ തലകുലുക്കി. ആ ഓർമ്മ അവർക്ക് എന്നും വേദന തരുന്നതായിരുന്നു.

"എന്തു പറ്റി മുത്തശ്ശാ? എന്താണന്ന് സംഭവിച്ചത്? ഞങ്ങളോട് പറയൂ..." രാമുവും ജാഹ്നവിയും ഒരേ സ്വരത്തിൽ ചോദിച്ചു. മുത്തശ്ശൻ കുറച്ചുസമയം അകലേക്ക് കണ്ണും നട്ടിരുന്നു... എന്നിട്ട് മെല്ലെ പറഞ്ഞു.

"മൃഗങ്ങൾക്ക് ഏറ്റവും പേടിയുള്ളൊരു കാര്യം തീയാണ്. ഒരു വേനലിന്റെ ഒടുവിലാണ് അത് സംഭവിച്ചത്. പുല്ലൊക്കെ ഉണങ്ങിയിരുന്നു. മരങ്ങളുടെ ഉണങ്ങിയ ഇലകളെല്ലാം കൊഴിയാൻ തുടങ്ങിയിരുന്നു. എവിടെ നിന്നാണ് തീ വന്നതെന്ന് ആർക്കും ഇപ്പോഴുമറിയില്ല. അവധിക്കാലം ആഘോഷിക്കാൻ വന്ന ഒരു സംഘം ആളുകൾ ആ വഴി പോയതായി പറയപ്പെടുന്നു. അതിലൊരാൾ സിഗററ്റ് കത്തിച്ച ശേഷം അണയാത്ത തീപ്പെട്ടിക്കൊള്ളി കാറിന്റെ പുറത്തേക്ക് എറിഞ്ഞുട്ടുണ്ടാവാം. നിമിഷങ്ങൾക്കകം ആ തീപ്പൊരി ആളിക്കത്തി കാടാകെ പടർന്നു പിടിച്ചു. മൃഗങ്ങളെല്ലാം ജീവനും കൊണ്ടോടി. എല്ലാവരും പരിഭ്രാന്തരായി അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു. കുഞ്ഞുങ്ങൾക്കും പ്രായമായ മൃഗങ്ങൾക്കും അത്ര പെട്ടെന്ന് ഓടി രക്ഷപ്പെടാൻ കഴിഞ്ഞില്ല. ആ അലങ്കോലത്തിൽ കുടുംബങ്ങളും കൂട്ടങ്ങളും ചിതറിപ്പോയി." മുത്തശ്ശൻ നിശ്ശബ്ദനായി. അന്ന് നഷ്ടപ്പെട്ടവരെ ഓർത്തപ്പോൾ സങ്കടംകൊണ്ട് മുത്തശ്ശനും കുറച്ചു നേരത്തേക്ക് ഒന്നും പറയാനായില്ല.

"കൂട്ടങ്ങൾ പലയിടത്തായി ചിതറിപ്പോയി... ബാലുവിനെ ഞങ്ങൾക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടു."

ഗൗതമി അമ്മായി ഒരു നെടുവീർപ്പോടെ പറഞ്ഞുതീർത്തു. കഥ പറഞ്ഞു കഴിഞ്ഞ

തോടെ ആനകളെല്ലാം വീണ്ടും ശോകമൂകരായി. രാമു പോലും കുറച്ചു നേരത്തേക്ക് ഒന്നും മിണ്ടിയതേയില്ല. ആ നിശ്ശബ്ദതയെ മുത്തശ്ശന്റെ അടക്കിപിടിച്ച ചിരി ഭഞ്ജിച്ചു.

"കഥ ഇവിടെ അവസാനിക്കുന്നില്ല. അടുത്തിടെ കുറച്ചു വനംവകുപ്പ് ഉദ്യോഗസ്ഥർ ഇതേ കഥ വിവരിക്കുന്നത് ഞാൻ കേട്ടു. ആ തീപിടിത്തം ഉണ്ടായ സമയത്ത് ഈ കാട്ടിൽ ഒരു കൂട്ടം ചെറുപ്പക്കാർ ഗവേഷണത്തിനായി വന്നിരുന്നുവത്രെ. കാട്ടിലുള്ള പഠനത്തിനിടെ അവർ അവശനായ ഒരു ആനക്കുട്ടിയെ കണ്ടുവത്രെ. അതിന്റെ കൂട്ടം അടുത്തെങ്ങും ഉണ്ടായിരുന്നില്ല."

മുത്തശ്ശൻ തുടർന്നു,

"അവർ ആനക്കുട്ടിയെ ഏതെങ്കിലും ഒരു ആനക്കൂട്ടത്തിലേക്ക് അടുപ്പിക്കാൻ നോക്കി. പക്ഷേ അത് വിജയിച്ചില്ല. ഒടുവിൽ അവർ ആ ആനക്കുട്ടിയെ ക്യാമ്പിലേക്ക് കൊണ്ടു പോയി. മനുഷ്യക്കുട്ടികൾക്ക് കൊടുക്കുന്ന പാൽ കൊടുത്ത് അവന്റെ വിശപ്പ് മാറ്റി. പാൽ കുടിച്ച് അവന് പതുക്കെ ശക്തി തിരിച്ചു കിട്ടി."

"എന്നിട്ടോ?"

അമ്മയുടെ ശബ്ദത്തിൽ മുഴുവൻ ആകാംക്ഷയായിരുന്നു.

"ആനക്കുട്ടിക്ക് തന്റെ അമ്മയേയും കൂട്ടത്തെയും കാണാഞ്ഞിട്ട് വിഷമമായിരുന്നു. അവൻ തന്റെ മുറിയിലെ ചുമരുകളിൽ ദേഹം ഉരുമ്മിക്കൊണ്ടിരുന്നു. ചുമരിലെ കുമ്മായം പറ്റി അവനാകെ വെളുത്തു."

"അയ്യോ, പാവം എന്റെ കുട്ടി..."

അമ്മ വിതുമ്പി.

"വെള്ളമൊഴിക്കുന്ന ഹോസിന്റെ ഒരറ്റത്ത് അമ്മയുടെ വാലിൽ ചുറ്റിപിടിക്കാറുള്ളതുപോലെ തന്റെ തുമ്പിക്കൈ ചുറ്റി കരഞ്ഞുകരഞ്ഞു അവനുറങ്ങിപ്പോകും."

കഥ കേട്ട് ആനക്കൂട്ടം മുഴുവൻ കരച്ചിലിന്റെ വക്കിലായി. അത് കണ്ട് മുത്തശ്ശൻ വേഗം പറഞ്ഞു,

"ഇനിയാണ് കഥയുടെ സന്തോഷമുള്ള ഭാഗം. അവൻ തീരെ ചെറുതായത് കൊണ്ട് അവനെ ഓസ്ട്രേലിയ എന്ന രാജ്യത്തേക്ക് കൊണ്ടുപോയി. ആനകളേയില്ലാത്ത രാജ്യമാണത്. അവിടെ ഒരു മൃഗശാലയിലാണ് ഇപ്പോൾ അവന്റെ താമസം.

അവിടെ വിവിധ തരത്തിലുള്ള മൃഗങ്ങളും പക്ഷികളും താമസക്കാരായുണ്ട്. അവന് നല്ല ഭക്ഷണവും അവനെ സ്നേഹത്തോടെ നോക്കാൻ ആളുകളും ഉണ്ട്. കുട്ടികൾ അവനെ കാണാൻ നിത്യവും അവിടെ വരും. അവർ അടുത്തിടെ അവന്റെ പിറന്നാൾ വരെ കേമമായി ആഘോഷിച്ചുവത്രെ!.''

"എനിക്കു വലിയ ആശ്വാസമായി."

ഗൗതമി അമ്മായി സന്തോഷത്തോടെ തലകുലുക്കി. ആനക്കൂട്ടത്തിനാകെ സമാധാനമായി. എത്രയോ നാളുകളായി ആ ആനക്കൂട്ടത്തെ മൂടിയിരുന്ന ദുഃഖത്തിന്റെ കാർമേഘം അലിഞ്ഞില്ലാതായി.

"രാമൂ, അതാ നോക്കൂ, മിന്നാമിന്നികൾ."

ജാഹ്നവിപറഞ്ഞു.

"വാ, നമുക്ക് പോയി കുറച്ചെണ്ണത്തെ പിടിച്ച് ഇരുട്ടുള്ള സ്ഥലങ്ങളിൽ കൊണ്ടു വിട്ട് അവിടമാകെ വെളിച്ചം പടർത്താം!"

6732



### ശാന്തി രാധാകൃഷ്ണൻ

ഇരുപത്തി അഞ്ചു വർഷം ബാങ്ക് ഓഫീസർ ആയി ജോലി ചെയ്തു. സ്വയം വിരമിച്ചതിനു ശേഷം ഒരു NGO യിൽ ഫിനാൻസ് മാനേജർ, ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇംഗ്ലീഷ് അധ്യാപിക എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. പല ഇംഗ്ലീഷ് മാഗസിനുകളിലും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. കൊച്ചുമകൾക്കുവേണ്ടി കഥകൾ എഴുതി തുടങ്ങി. ആദ്യമായി ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് Elephant Tales.

### സന്ധ്യ ശശിധരൻ

ഭൗതികശാസ്ത്രത്തിൽ ബിരുദവും സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും. കഴിഞ്ഞ മുപ്പതു വർഷമായി വന - ഭൂമിശാസ്ത്ര ഗവേഷണത്തിലും പരിസ്ഥിതി പഠനത്തിലും പ്രകൃതിസംരക്ഷണ വിദ്യാഭ്യാസപ്രവർത്തനങ്ങളിലും സജീവമാണ്. ഇന്റാക്ക് (INTACH) പ്രസിദ്ധീകരിച്ച കടൽപ്പക്ഷികൾ എന്ന ഇംഗ്ലീഷ് പുസ്തകം, വംശനാശ ഭീഷണി നേരിടുന്ന ജീവികളെക്കുറിച്ചുള്ള മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള ആറ് ചെറുപുസ്തകങ്ങൾ, പൂർണോദയ ബുക്ക് ട്രസ്റ്റ് പ്രസിദ്ധീകരിച്ച ഏഷ്യൻ, യൂറോപ്പ്യൻ, ആഫ്രോ അമേരിക്കൻ നാടോടിക്കഥകളുടെ പുനരാഖ്യാനം - രണ്ടു പുസ്തകങ്ങൾ എന്നിവയാണ് പ്രസിദ്ധീകരണങ്ങൾ. 'അട്ടപ്പാടിയിലെ ആദിവാസി സ്ത്രീകളുടെ വിദ്യാഭ്യാസവും പരിശീലനങ്ങളും' എന്ന ഗവേഷണ പഠനമാണ് പ്രധാന പ്രബന്ധം. ആനുകാലികങ്ങളിൽ എഴുതാറുണ്ട്.

### എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

ആലപ്പുഴ ജില്ലയിൽ ചമ്പക്കുളം പുല്ലങ്ങടിയിൽ ജനനം. ചിത്രകലയിൽ ഡിപ്ലോമ. 30 വർഷമായി ചിത്രീകരണരംഗത്ത് സജീവം. വിവിധ പ്രസിദ്ധീകരണങ്ങൾക്ക് ചിത്രീകരണം നിർവഹിച്ചുവരുന്നു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2020 ലെ മികച്ച ചിത്രകാരനുള്ള പുരസ്കാരം, കെ ആർ നാരായണൻ ഫൗണ്ടേഷൻ അവാർഡ്, 2017 പാലാ ഫെസ്റ്റിലെ മികച്ച ലോഗോ ഡിസൈനർ അവാർഡ് എന്നിവ ലഭിച്ചു.

### രാജേഷ് ചാലോട്

പുസ്തക കവർ ഡിസൈനിംഗിൽ സജീവം. അയ്യായിരത്തിലേറെ പുസ്തകങ്ങൾക്ക് കവർ ഡിസൈൻ നിർവഹിച്ചു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2019 ലെ മികച്ച ഡിസൈനർക്കുള്ള പുരസ്കാരം, കേരള കാർട്ടൂൺ അക്കാദമിയുടെ ആർട്ടിസ്റ്റ് ശങ്കരൻകുട്ടി അവാർഡ്, കേരള സാഹിത്യ അക്കാദമിയുടെ മികച്ച പുസ്തക കവർ രൂപകൽപ്പനയ്ക്കുള്ള അവാർഡ്, ഭാരതീയ കലാരത്ന പുരസ്കാരം, ദർശന കൾച്ചറൽ സെന്ററിന്റെ കവർ ഡിസൈൻ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.